## M.G UNIVERSITY NEWS

1. എം ജി സർവ്വകലാശാലയോട് അഫിലിയേറ് ചെയ്തിട്ടുള്ള ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ ഒന്നാം വർഷ ബിരുദ പ്രോഗ്രാമുകളിലേക്കും ഇന്ററഗ്രേറ്റഡ് പ്രോഗ്രാമുകളിലേക്കുമുള്ള കേന്ദ്രീകൃത പ്രവേശനത്തിന്റെ ഓൺലൈൻ രജിസ്ട്രേഷൻ ഇന്ന് (13/ 08 / 2021) 4 .00 പി എം നു അവസാനിക്കും.

2. സാധ്യതാ അലോട്മെന്റ് ഈ മാസം 18 നു പ്രസിദ്ധീകരിക്കും.

3. ഓൺലൈൻ അപേക്ഷയിലെ പേര്, രജിസ്റ്റർ നം, പരീക്ഷാ ബോർഡ്, മൊബൈൽ നം, ഇ മെയിൽ ഐ ഡി, സംവരണ വിഭാഗം എന്നിവയൊഴികെയുള്ള വിവരങ്ങൾ തിരുത്തുന്നതിനും ഓപ്ഷനുകൾ പുതുതായി നൽകുന്നതിനും ഒഴിവാക്കുന്നതിനും പുനഃക്രമീകരിക്കുന്നതിനുമുള്ള സൗകര്യം ട്രയൽ അലോട്മെന്റ് പ്രസിദ്ധീകരിച്ചതിന് ശേഷം 18 / 08 / 2021 മുതൽ 24 / 08 / 2021 വരെയുള്ള കാലയളവിൽ ലഭ്യമായിരിക്കുന്നതാണ്. ഏതെങ്കിലും സർട്ടിഫിക്കറ്റിന്റെ ഡിജിറ്റൽ പകർപ്പ് അപ് ലോഡ് ചെയ്യുന്നതിന് സാധിക്കാതിരുന്നവർക്ക് പ്രസ്തുത സർട്ടിഫിക്കറ്റ് അപ് ലോഡ് ചെയ്യുന്നതിനും 18 / 08 / 2021 മുതൽ 24 / 08 / 2021 വരെയുള്ള കാലയളവിൽ സൗകര്യമുണ്ടായിരിക്കുന്നതാണ്

## M.G UNIVERSITY NEWS (14-08-2021)

1. എം ജി ബിരുദ ഏകജാലകം: ട്രയൽ അലോട്മെന്റ് പ്രസിദ്ധീകരിച്ചതിന് ശേഷം 24/ 08 / 2021 വരെ നിലവിൽ സമർപ്പിച്ച ഓൺലൈൻ അപേക്ഷകളിലെ തിരുത്തലുകൾ/ഓപ്ഷൻ പുനഃക്രമീകരണം എന്നിവയോടൊപ്പം പുതുതായുള്ള ഓൺലൈൻ രജിസ്ട്രേഷനും സാധ്യമാണ്. 13 / 08 / 2021 വരെ അപേക്ഷിക്കാൻ സാധിക്കാതിരുന്നവർക്ക് ഈ കാലയളവിൽ അപേക്ഷിക്കുന്നതിനു അവസരമുണ്ടായിരിക്കും. എങ്കിലും അവസാന തീയതി വരെ കാത്ത് നില്ക്കാതെ നിശ്ചിത സമയ പരിധിക്കുള്ളിൽ ഓൺലൈൻ അപേക്ഷാ സംബന്ധമായി അനുവദനീയമായ പ്രവർത്തികൾ പൂർത്തീകരിക്കേണ്ടതാണ് .

2. എം ജി ബിരുദ ഏകജാലകം: സാധ്യതാ അലോട്മെന്റ് പ്രസിദ്ധീകരിച്ചു .അപേക്ഷകർക്ക് ഓൺലൈൻ അപേക്ഷയിൽ തിരുത്തലുകൾ വരുത്തുന്നതിനും ഓപ്ഷനുകൾ ഒഴിവാക്കുന്നതിനും കൂട്ടിച്ചേർക്കുന്നതിനും പുനഃക്രമീകരിക്കുന്നതിനുമുള്ള അവസരം 24/ 08 / 2021 4.00 പി എം വരെ ലഭ്യമായിരിക്കുന്നതാണ്. നാളിതു വരെ ഓൺലൈനായി അപേക്ഷിക്കാൻ സാധിക്കാതിരുന്നവർക്ക് ഓൺലൈനായി അപേക്ഷിക്കുന്നതിനുള്ള സൗകര്യവും 24/ 08 / 2021 4.00 പി എം വരെ ലഭ്യമായിരിക്കുന്നതാണ്. ഒന്നാം അലോട്മെന്റ് 27 / 08 / 2021നു പ്രസിദ്ധീകരിക്കും.